വെജിറ്റബിൾ ടോപ്പ് അപ്പ്

(പച്ചക്കറി വിളകൾക്ക് ഇലകളിൽ തളിക്കേണ്ടുന്ന സൂക്ഷ്മ മൂലക വളം: ഒരു എറണാകുളം കെ.വി.കെ. ഉത്പന്നം)

ഉപയോഗം

- പച്ചക്കറി വിളകളിൽ സൂക്ഷ്മ മൂലകങ്ങളുടെ കുറവ് കാരണം ഇലകളിൽ കാണപ്പെടുന്ന ഇലഞരമ്പുകൾ ഒഴിച്ചുള്ള മഞ്ഞളിപ്പ്, വിളറിപ്പ്, പൂക്കളിലും ഇലകളിലും കാണപ്പെടുന്ന മുരടിപ്പ്, തണ്ടുകളുടെ കുരുടിപ്പ്, ഇല കരിച്ചിൽ, കായ്കളിലെ പൊട്ടിക്കീറൽ മുതലായ ലക്ഷണങ്ങൾ പരിഹരിക്കുവാനുള്ള ഉത്തമമായ മാർഗ്ഗം.
- പുഷ്പിക്കുന്നതിനും, പരാഗണം കാര്യക്ഷമമായി നടക്കുവാനും, പൂക്കളുടെ കൊഴിച്ചിൽ നിയന്ത്രിക്കുന്നതിനും, കായ്പിടുത്തം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു.
- വെജിറ്റബിൾ ടോപ്പ് അപ്പിന്റെ കൃത്യമായ ഉപയോഗം വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നു.

ഉപയോഗക്രമം

- തക്കാളി, വഴുതിന, മുളക്, കാപ്സിക്കം എന്നീ വിളകളിൽ 15 ലിറ്റർ വെള്ളത്തിൽ 75 ഗ്രാമും പയർ വർഗ്ഗങ്ങൾ, ശീതകാല പച്ചക്കറികൾ, വെണ്ട എന്നീ വിളകളിൽ 45 ഗ്രാമും വെള്ളരിവർഗ്ഗങ്ങൾ, ഇലക്കറി വർഗ്ഗങ്ങൾ എന്നിവയാക്കി 30 ഗ്രാമും ലയിപ്പിച്ച് ലായനി തയ്യാറാക്കുക.
- ഈ 15 ലിറ്റർ ലായനിയിലേക്ക് രണ്ടു ചെറുനാരങ്ങയുടെ നീരും, മുടിയിൽ തേക്കാനുപ യോഗിക്കുന്ന ഒരു ചെറിയ പാക്കറ്റ് ഷാംപൂവും ചേർത്തു നന്നായി കലക്കി യോജിപ്പിക്കുക.
- ആദ്യ തളിക്കിലിനായി ഒരു സെന്റ് സ്ഥലത്തേക്ക് 4 ലിറ്റർ ലായനി മതിയാകും. എന്നാൽ രണ്ടാമത്തെയും മൂന്നാമത്തേയും തളിക്കലിനായി സെന്റിന് 6 ലിറ്റർ ലായനി ആവശ്യമായി വരും.
- സായാഹ്ന വേളകളിൽ (4 മണിക്ക് വെയിൽ താണ ശേഷം) ഇലകളുടെ അടിഭാഗത്തും മുകളിലും നന്നായി പതിക്കുന്ന രീതിയിൽ സ്പ്രേയർ ഉപയോഗിച്ചാണ് ലായനി തളിച്ചുകൊടുക്കേണ്ടത്.
- ഹ്രസ്വകാല വിളകളിൽ നടീലിനു ശേഷമുള്ള 15, 45, 75 ദിവസങ്ങളിലും ദീർഘകാല വിളകളിൽ നടീലിനു ശേഷമുള്ള 15, 45, 75, 110 ദിവസങ്ങളിലും ഇലകളിൽ സ്പ്രേയർ ഉപയോഗിച്ച് ന ന്നായി തളിച്ച് കൊടുക്കണം.
- മഴയുള്ള ദിവസങ്ങളിൽ സ്പ്രേയിംഗ് ഒഴിവാക്കണം. സ്പ്രേയിങ്ങിനു ശേഷം 6 മണിക്കൂർ എങ്കിലും മഴ പെയ്യുന്നില്ല എങ്കിൽ സൂക്ഷ്മമൂലകങ്ങളുടെ പ്രവർത്തനം ഏറ്റവും കാര്യക്ഷ മമാകും.

കൃഷി വിജ്ഞാന കേന്ദ്രം (എറണാകുളം)

കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (CMFRI)

***ദേശീയ കാർഷിക ഗവേഷണ കൗൺസിൽ* (ICAR)**

ഞാറയ്ക്കൽ പോസ്റ്റ്, കൊച്ചി 682 505, കേരളം

Phone : 0484-2492450 I E-mail: kvkernakulam@yahoo.co.in I Web:www.kvkernakulam.org.in